# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6105 | 04.07.2019-ന് മറുപടിയ്ക്ക് |
|---|---|

## വെള്ളായണി കായലിൽ ഉൾപ്പെട്ട കൃഷിഭൂമി

| ചോദ്യം<br>ശ്രീ കെ ആൻസലൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | വെള്ളായണി കായൽ പ്രദേശത്ത് 87.19 ഹെക്ടർ കൃഷിഭൂമി വെള്ളം കയറി ഉപയോഗയോഗ്യമല്ലാതായതുമായി ബന്ധപ്പെട്ട് 10.5.2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 626 കുടുംബങ്ങളുടെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള തീരുമാനത്തിൻമേൽ റവന്യൂവകുപ്പ് എടുത്ത നടപടി എന്തെല്ലാം; വിശദമാക്കാമോ; | (എ) | ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/05/17-ൽ ചേർന്ന യോഗത്തിൽ വെള്ളായണി കായൽ പ്രദേശത്തെ വെള്ളം മൂടി കിടക്കുന്ന കർഷകരുടെ പട്ടയഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നു. ഇതിനായി ജില്ലാ കളക്ടർ സ്ഥലം സർവ്വെ ചെയ്ത് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് സമർപ്പിക്കുന്ന മുറയ്ക്ക് ന്യായവില നൽകി സ്ഥലം ഏറ്റെടുക്കാൻ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കണമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പേരു വിവരം ജലവിഭവ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളുടെ ന്യായവില നൽകി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. പ്രസ്തുത ഭൂമി എന്നാണോ കൃഷിയോഗ്യമല്ലാതായത് അന്നത്തെ വിലയുടെ അടിസ്ഥാനത്തിൽ ജലവിതാനത്തിൽപ്പെട്ടു പോയതും ഏറ്റെടുക്കേണ്ടതുമായ വസ്തുക്കളുടെ വില നിർണ്ണയിച്ച് ലഭ്യമാക്കുവാൻ ജലവിഭവ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം വിലനിർണ്ണയം നടത്തുന്നതിന് തിരുവനന്തപുരം തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റവന്യൂ വകുപ്പിന്റെ B3/9458/16 Date.13.06.2017 പ്രകാരം കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ വെള്ളായണി കായലിൽ ഉൾപ്പെട്ട കൃഷിഭൂമിയുടെ സർവ്വേനമ്പരുകൾ ലഭ്യമായിട്ടുണ്ടോ; | (ബി) | വെള്ളായണി കായൽപ്രദേശത്ത് വെള്ളം കയറി കിടക്കുന്നു എന്ന് കണ്ടെത്തിയിട്ടുള്ള 87.17.58 ഹെക്ടർ ഭൂമിയുടെ സർവ്വേ നമ്പർ ലഭ്യമാണ്. |
| (സി) | കർഷകരുടെ കൈവശം ഉള്ള ഭൂമിയുടെ പട്ടയം നൽകിയിട്ടുണ്ടോ; എത്രപേർക്ക് ആണ് കായൽഭൂമിയിൽ പട്ടയം നൽകിയത്; എത്ര ഏക്കർ സ്ഥലം ഉണ്ട്; വ്യക്തമാക്കുമോ; | (സി) | വെള്ളായണി കായലിലെ വെള്ളം കയറി കിടക്കുന്നതായി കണ്ടെത്തിയ 87.19.58 ഹെക്ടർ ഭൂമി നിലവിൽ പട്ടയഭൂമിയാണ്. അതിൽ എത്ര ഭൂമിക്ക് സർക്കാർ പട്ടയം നൽകിയിട്ടുണ്ട് എന്ന് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. |
| (ഡി) | കായൽഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ഫണ്ട് നൽകാൻവേണ്ടി ധനകാര്യ വകുപ്പിന് ശിപാർശ നൽകിയിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | എങ്കിൽ അതിന്റെ ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ? | (ഇ) | IR2/210/17/WRD തീയതി 25/08/2017 |

സെക്ഷൻ ഓഫീസർ